## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2045 05/05/2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ്<br>" കെ. കുഞ്ഞിരാമൻ<br>" പുരുഷൻ കടലുണ്ടി<br>" ബി. സത്യൻ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ പട്ടികജാതി ക്കാർക്കും, പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള എസ്.സി.എസ്.പി., ടി.എസ്.പി. ഉപപദ്ധതികൾ ഉപേക്ഷിച്ചെങ്കിലും ജനസംഖ്യാനു പാതികമായതിലും അധികം തുക ഈ ഉപപദ്ധതികൾക്ക് വകയിരുത്തി ക്കൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതി നിർത്തലാക്കിയതിലൂടെ എസ്.സി.എസ്.പി., ടി.എസ്.പി.യും ഇല്ലാതായിരിക്കുകയാണ്. ഓരോ വകുപ്പിന്റെയും സ്കീമുകളിൽ നിശ്ചിത തുക പട്ടിക ജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വകയിരുത്തുന്ന രീതിയാണ് കേന്ദ്രബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ കേരള സർക്കാർ പഞ്ചവത്സരപദ്ധതിയും എസ്.സി.എസ്.പി., ടി.എസ്.പി. എന്നീ ഉപപദ്ധതികളും തുടരുകയാണ്.<br><br>സംസ്ഥാന ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ നിന്നും 2.83 ശതമാനമായ 751 കോടി രൂപ പട്ടികവർഗ്ഗ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തി യിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടിക വർഗ്ഗവികസന വകുപ്പ് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.<br><br>സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 9.1% ആണെങ്കിലും അതിലുപരിയായി സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81% തുക വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വികസനത്തിനുവേണ്ടി 2017-18 |

| | | | |
|---|---|---|---|
| | | | വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| **(ബി)** | വികസന പദ്ധതികളുടെ ആസൂത്രണ പ്രക്രിയയിൽ ഈ ജനവിഭാഗങ്ങളെ കൂടി പങ്കാളികളാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗം എന്തെല്ലാമാണെന്ന് അറിയിക്കാമോ; | **(ബി)** | പട്ടികവർഗ്ഗക്കാരുടെ വികസന പദ്ധതികൾ തയ്യാറാക്കുന്നത് പ്രാദേശിക തലത്തിൽ ഊരുകൂട്ടങ്ങൾ മുഖേനയാണ്. പദ്ധതികളുടെ ആശയ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ടി വിഭാഗത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിയ്ക്കുന്നു.<br><br>പട്ടികജാതിവിഭാഗങ്ങളുടെ പൂർണ്ണ പങ്കാളിത്ത ത്തോടെ നടത്തുന്ന ഗ്രാമസഭയിൽ വെച്ചാണ് അവർക്കുവേണ്ടിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുവാനായി പ്രമോട്ടർമാരുടെ സേവനം കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ പഞ്ചവത്സര പദ്ധതി യുടെ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിൽ ഈ ജനവിഭാഗത്തിന്റെ പ്രതിനിധികളെ പങ്കെടുപ്പിക്കാറുണ്ട്. |
| **(സി)** | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രം വിശദമാക്കാമോ? | **(സി)** | സർക്കാർ എടുക്കുന്ന നയപരമായ തീരുമാന ങ്ങൾക്ക് അനുസൃതമായിട്ടാണ് പദ്ധതികൾ രൂപകല്പന ചെയ്ത് സമർപ്പിക്കുന്നതും പദ്ധതികൾക്ക് അനുമതി നല്കുന്നതും.<br><br>പട്ടികജാതിക്കാരുടെ സാമ്പത്തിക പിന്നക്കാവസ്ഥ പരിഹരിക്കുന്നതിനായി എസ്.സി.എസ്.പി.യിൽ ഉൾപ്പെടുത്തി പട്ടികജാതി വകുപ്പ് മുഖേന നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. സ്വയംതൊഴിൽ പദ്ധതി<br>2. വക്കീലൻമാർക്കുള്ള ധനസഹായം<br>3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്കുള്ള അപ്രന്റീസ്ഷിപ്പ്.<br>4. ടൂൾകിറ്റ്<br>5. പട്ടികജാതിക്കാരുടെ വായ്പ എഴുതി തള്ളൽ പദ്ധതി<br>6. ഉൽപ്പന്ന പ്രദർശന വിപണനമേള |

| | | | |
|---|---|---|---|
| | | | 7. സ്വയംപര്യാപ്ത ഗ്രാമങ്ങൾ<br><br>8. വിദേശ തൊഴിൽ ധനസഹായം.<br><br>പട്ടികവർഗ്ഗക്കാരുടെ വികസനം ഊന്നൽ നല്കി 2017-18 സാമ്പത്തിക വർഷം സാമൂഹ്യപഠനമുറി, ഗോത്രബന്ധു, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പുനരധിവാസ പ്രചാരണ പരിപാടിയായ ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ പരമ്പരാഗത കാർഷിക നൈപുണ്യം പരിപോഷിപ്പിക്കുന്നതിനും കൃഷി രീതികളിൽ നിന്ന് സ്ഥായിയായ വരുമാനം ഉറപ്പുവരുത്തുന്നതിനുമായി വിവിധ സർക്കാർ ഏജൻസികളുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

- വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും

1. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
2. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി
3. സ്കൂൾ കേളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം
4. അനാഥരായ കുട്ടികൾക്കുള്ള സഹായം
5. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

- ഭക്ഷണ സഹായ പദ്ധതി

- സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം

1. ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്
2. ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം
3. പട്ടികവർഗ്ഗ ആശ്വാസനിധി

- പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ

എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ.
ബി)പട്ടികവർഗ്ഗ വിഭാഗത്തന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ
സി) പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
ഡി) പ്രീമെട്രിക് ഹോസ്റ്റലുകളുടേയും പോസ്റ്റ് മെട്രിക്ഹോസ്റ്റലുകളുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (ഇതര കേന്ദ്രസഹായം)

1. പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം
2. വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി

- ഗോത്രസാരഥി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള വാഹനസൗകര്യം

- സാമൂഹ്യ പഠനകുറി-ഊരുകളിൽ ഒരു പഠന സഹായിയുടെ സഹായത്തോടെ പഠന സൗകര്യം ഒരുക്കുന്നതിനായുള്ള പദ്ധതി

- . ഗോത്രബന്ധു പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി 241 പട്ടികവർഗ്ഗ അധ്യാപകരെ നിയമിക്കുന്നത് പദ്ധതി.

- ഗോത്രവാത്സല്യനിധി-പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ പരിപാടിയും

- ഭവനനിർമ്മാണം

1. പുതിയ ഭവനങ്ങളുടെ നിർമ്മാണം
2. സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം
3. ഭവനങ്ങളുടെ പുനരുദ്ധാരണം

- അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി (പുതിക്കിയ/എ.റ്റി.എസ്.പി. ഫണ്ട്/പ്രത്യേക പാക്കേജ്)

- ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം)

- പുൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്റ്റുകൾക്കായുള്ള ഫണ്ട്

- പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)

- പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം
- [illegible]

1. ദേശീയകലാ വ്യാപാരമേള

- പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം
- ആദികലാഗ്രാമം
- പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം

1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധന സഹായം
2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം
3. ജനനി ജന്മരക്ഷ
4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം

- ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം

1. ട്രൈബൽ പ്രൊമോട്ടർമാർ
2. ഊരുകൂട്ടങ്ങളുടെ സംഘാടനം
3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം.
4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം.
5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ.

- തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സാങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും പോഷകാഹാരക്കുറവ് നിർത്തിക്കുന്നതിനും ശിശുമാതൃ മരണ നിരക്ക് കുറക്കുന്നതിനുമായി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ പദ്ധതി.
- പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം (ഇതര കേന്ദ്ര സഹായം)
- ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ-എയ്ഡ് പദ്ധതി (ഇതര കേന്ദ്ര സഹായം)
- പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം
- അടിയൻ, പണിയൻ, പ്രാക്തനാഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി

1. അടിയൻ. പണിയൻ.പ്രാക്തനാ ഗോത്ര വർഗ്ഗ വിഭാഗം
2. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം.
3. അഗതി മന്ദിരം

- 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും.
- പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള സ്റ്റേറ്റ് സെന്റർ

**50% കേന്ദ്രാവിഷ്കൃത പദ്ധതികൾ**

- പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും. ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം)
- ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം)

- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ [illegible]
- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം
- ഗവേഷണ പ്രവർത്തനങ്ങൾപരിശീലനം വയനാട് ഗോത്ര ഭാഷാകലാ പഠന കേന്ദ്രം (പട്ടികവർഗ്ഗക്കാരുടെ കലാ സാഹിത്യ സംസ്ക്കാര വൈത്യകം നിലനിർത്തുന്നതിനായി ഇവയുടെ ശേഖരണവും. സുക്ഷിപ്പും)
- അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം)
- പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

**100% കേന്ദ്രാവിഷ്കൃത പദ്ധതികൾ**

- പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:-
- പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
- 10-ാംക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ- മെട്രിക് സ്കോളർഷിപ്പുകൾ
- പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം )
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം ) .-
- ആർട്ടിക്കിൾ275(1) പ്രകാരം പട്ടികവർഗ്ഗ ക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ )
- പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴില ധിഷ്ഠിത പരിശീലന സ്ഥാപനം :-
- പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷ ണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി).
- കിർത്താഡ്സിന് പശ്ചാത്തല സൗകര്യ മൊരുക്കൽ :-
- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം
- പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :-

പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ

സെക്ഷൻ ഓഫീസർ

# പട്ടികജാതി വികസന വകുപ്പ്

**2017-18 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച സംക്ഷിപ്ത വിവരം**

* * *

1) **ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി**

പാവപ്പെട്ടവരും അർഹതയുള്ളവരുമായ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വാങ്ങാനുള്ള സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും, മുൻസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6.00 ലക്ഷം രൂപയും അനുവദിച്ചു വരുന്നു. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 18000.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഭൗതിക ലക്ഷ്യം 4000.

2) **ഭവനരഹിതർക്ക് ഭവനം:**

വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പ്രായോഗികത കണക്കിലെടുത്ത് പുതിയതായി വീട് വയ്ക്കാനോ അല്ലെങ്കിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനോ ഉള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ഇത്. 2014-15 സാമ്പത്തിക വർഷം മുതൽ 3 ലക്ഷം രൂപയാണ് ധനസഹായം ആയി നൽകുന്നത്. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 50000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ/എയിഡഡ് ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു വീട്ടിൽ ഒരു പഠനമുറി എന്നൊരു പദ്ധതി വകുപ്പ് നടപ്പു വർഷം നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 2.00 ലക്ഷം രൂപ വരെ ധനസഹായമായി അനുവദിക്കുന്നു. ഈ പദ്ധതി സർക്കാരിന്റെ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3) **പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ:**

ഭൂമി ഇല്ലാത്തവരും, ഭവനരഹിതരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങളായ വേടർ, വേട്ടുവൻ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്കിലിയാർ എന്നിവരെ പുനരധിവസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഭൂമി, ഭവനം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം 1700.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4) **പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്**

വിവിധ വകുപ്പുകൾ, സർക്കാർ ഏജൻസികൾ എന്നിവയ്ക്ക് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കുന്നതിലേക്കായി 2017-18 വർഷം 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5) **മരാമത്തും, കെട്ടിടവും**

ഈ പദ്ധതിയുടെ ബഡ്ജറ്റ് ശീർഷകം കൈകാര്യം ചെയ്യുന്നത് പൊതുമരാമത്ത് വകുപ്പാണ്. 2017-18 സാമ്പത്തികവർഷം ഇതിനായി 1500.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6) **പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും:**

പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, വകുപ്പിന്റെ കീഴിലുള്ള ജില്ലാ, മേഖല, തദ്ദേശ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ നവീകരണം, അറ്റകുറ്റപ്പണികൾ, ആവശ്യമായ ഉപകരണ സാമഗ്രികൾ വാങ്ങുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7) **പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട്**
**(വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)**

പദ്ധതികളുടെ അനുമതിയും നിർവ്വഹണവും അവലംബിച്ചിരിക്കുന്നത് വിവിധ ഘടക പദ്ധതിയിലെ നിർണ്ണായകമായ വിടവ് നികത്തൽ ഉദ്ദേശിച്ച് പ്രോജക്ടധിഷ്ടിത രീതിയിൽ തുക നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മൂന്നിൽ ഒന്ന് തുക ജില്ലകളിൽ അനുവദിക്കുന്നു. 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കുള്ള ഭരണാനുമതി ജില്ലാതല കമ്മിറ്റിക്ക് 06-08-2014 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം.1301/2014/പജ.പവ.വിവ പ്രകാരം അനുവദിക്കാവുന്നതാണ്. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 7888.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

താഴെ പറയുന്ന കംപോണന്റുകൾക്കാണ് കോർപ്പസ് ഫണ്ട് വകയിരുത്തുന്നത്.

1) 1/3 ജില്ലകൾക്ക് അനുവദിക്കുന്ന തുക
2) ചികിത്സാ ധനസഹായം
3) ടോയ്‌ലറ്റ്
4) വിജ്ഞാൻവാടി
5) 29 ഹോമിയോ ഡിസ്പെൻസറികളുടെ പ്രവർത്തനം
6) പട്ടികജാതിക്കുള്ള ശ്മശാനങ്ങളുടെ നവീകരണം
7) കുടിവെള്ളം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് ഫണ്ട് അനുവദിക്കുക.

8) **പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം:**

പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെ പരിധിയിൽ വരുന്ന പട്ടികജാതി സഹകരണ സംഘങ്ങൾക്ക് സഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയുർധാരയ്ക്കും, പെട്രോൾ പമ്പിനുമായുള്ള സാമ്പത്തികസഹായം ഫെഡറേഷൻ നൽകുന്നു. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9) **പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം:**

വാർഷിക വരുമാനം 50,000/- രൂപവരെയുള്ള പട്ടികജാതി പെൺകുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനുവേണ്ടി ഓരോ കുടുംബത്തിനും പെൺ

മക്കളുടെ വിവാഹത്തിന് 75,000/- രൂപവീതം സാമ്പത്തിക സഹായം നൽകുന്നു. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 5500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

10) **വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്:**

വെള്ളായണിയിലുള്ള മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെ 10 മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നിലവിലുണ്ട്. പഠനത്തിനും കായികമായ മികവു പുലർത്തുന്നപട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും 5 മുതൽ 12-ാം ക്ലാസ്സ് വരെ താമസ സൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 1500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11) **പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം:**

വകുപ്പിന്റെ കീഴിലുള്ള റസിഡൻഷ്യൽ സ്ഥാപനങ്ങളിലെയും, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ/ അംഗീകൃത യൂണിവേഴ്സിറ്റി/സ്ഥാപനങ്ങൾ, അംഗീകൃത പ്രൊഫഷണൽ കോഴ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകളും, മെഡിയ്ക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പും നൽകൽ, പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തന ചെലവ് ഉൾപ്പെടെ 2017-18 സാമ്പത്തിക വർഷം 40410.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12) **തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം**

തൊഴിൽ ലഭിക്കുന്നതിനുവേണ്ടി മെച്ചപ്പെട്ട അംഗീകൃത പരിശീലന കേന്ദ്രങ്ങൾ/ സ്ഥാപനങ്ങൾ വഴി പട്ടികജാതി യുവാക്കൾക്ക് പരിശീലനം നടത്താനുള്ള ചെലവുകൾ, പൊതു മേഖലാ സ്ഥാപനങ്ങളുടെയും മറ്റു ഇതര വകുപ്പുകളുടെയും സഹായത്തോടെ സംരംഭകത്വ വികസന പരിശീലനം, പട്ടികജാതി വിഭാഗക്കാർക്ക് പരിശീലനം ഉൾപ്പെടെയുള്ള മാനവവിഭവശേഷി വികസനവും നൈപുണ്യ വർദ്ധനവും, അപ്രന്റീസ്-ക്ലാർക്ക് കം ടൈപ്പിസ്റ്റ്, എസ്.സി പ്രൊമോട്ടർ എന്നിവർക്കുള്ള ഓണറേറിയവും പരിശീലനത്തിനായുള്ള ചെലവുകളും/ സ്വയം തൊഴിൽ സബ്സിഡികളിലെ ചെലവുകൾ/ നാടൻകലാമേള, സാഹിത്യോത്സവം, ടൂറിസം ഫ്ളോട്ട്, സാംസ്കാരിക പരിപാടികൾ, വാണിജ്യമേളകൾ, തൊഴിൽ മേളകൾ/ വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്കായുള്ള സാമ്പത്തിക സഹായം മുതലായവ ഈ പദ്ധതിയിൽപ്പെടുന്നു. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 4000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 വർഷത്തിൽ 446 പേർക്ക് വിദേശ തൊഴിൽ ധനസഹായം നൽകി.

13) **<u>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (50% സംസ്ഥാന വിഹിതം):</u>**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിധിയിൽപ്പെടുന്ന പദ്ധതിയ്ക്കുള്ള ഓഹരി മൂലധനം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 51:49 അനുപാതത്തിൽ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും നൽകുന്നു. ഓഹരി മൂലധനത്തിന് തുല്യമായ തുക കേന്ദ്രവിഹിതമായി കോർപ്പറേഷന് നൽകുന്നു. അർഹരായ പട്ടികജാതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും, അവരെ സാമ്പത്തിക വികസന പദ്ധതികളിൽ പങ്കാളികളാക്കാനും, ഈ പദ്ധതികളെ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് സ്പോൺസർ ചെയ്യുകയും അതുവഴി കുറഞ്ഞ നിരക്കിൽ പണവും, സബ്സിഡികളും ലഭിക്കുകയും അതുവഴി അവരുടെ പണം തിരിച്ചട യ്ക്കാനുള്ള ബാദ്ധ്യത കുറയ്ക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കളിൽ അവരെ പങ്കാളികളാക്കാനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 2500.00 ലക്ഷം രൂപ 51 % സംസ്ഥാന വിഹിതമായി ഈ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു.

14) **<u>ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം):</u>**

തിരുവനന്തപുരത്തും എറണാകുളത്തുമുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും, പാലക്കാടും, ചേർത്തല യിലും പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനും വണ്ടിപ്പെരിയാറിൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനുമാണ് തുക വകയിരുത്തി യിരിക്കുന്നത്. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്ക് 50% സംസ്ഥാന വിഹിതമായി 436.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 6 കോർപ്പറേഷനുകളി ലായി ആൺകുട്ടികൾക്കായി പ്രീ മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള തുകയും ഇതിൽ ഉൾപ്പെടുന്നു.

15) **<u>പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)</u>**

1955 ലെ പൗരവകാശ സംരംക്ഷണ നിയമം നടപ്പാക്കലും 1989 ലെ പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണവും/ പട്ടികജാതി സംരക്ഷണസെല്ലും പ്രത്യേക പോലീസ് സ്റ്റേഷനുകളുടെ നടത്തിപ്പ് ശക്തിപ്പെടുത്തലും/പ്രത്യേക കോടതികളുടെ രൂപീകരണവും നടത്തിപ്പും/ അതിക്രമങ്ങൾക്ക് ഇരയായവരെ സഹായിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക/മിശ്രവിവാഹിതർക്ക് ധനസഹായം നൽകുക/ബോധവത്ക്കരണം, സെമിനാറുകൾ, സാമൂഹിക ഐക്യദാർഢ്യം, സംസ്ഥാന ജില്ലാതല സെമിനാറുകൾ, ജാഗ്രതയ്ക്കും, മോണിറ്ററിംഗിനും വേണ്ടി വരുന്ന ചെലവ് ഇവയെല്ലാം ഈ പദ്ധതി യിൽപ്പെടുന്നു. 2017-18 ൽ 50% സംസ്ഥാന വിഹിതമായി വകയിരുത്തി യിരിക്കുന്ന 775.00 ലക്ഷം രൂപയിൽ 200.00 ലക്ഷം രൂപ പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനും അതിന്റെ തുടർ നടത്തിപ്പിനും വേണ്ടിയാണ്.

16) **തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ - എസ്.സി.പി**

PMAY, NRLM എന്നീ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് 2017-18 വർഷം 6651.00 ലക്ഷം രൂപ നീക്കി വെച്ചിരിക്കുന്നു. PMAY പദ്ധതിയ്ക്ക് 5951.00 ലക്ഷം രൂപയും, NRLM പദ്ധതിയ്ക്ക് 700.00 ലക്ഷം രൂപയും വകയിരുത്തിയിരിയ്ക്കുന്നു.

17) **പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം:**

പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം ഇന്ത്യാ ഗവൺമെന്റിന്റെ പട്ടികജാതി ക്ഷേമവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം പട്ടികജാതി കുടുംബങ്ങളുടെ തൊഴിലിൽ ഊന്നൽ നൽകി സാമ്പത്തിക വികസന പരിപാടികൾ നടപ്പിലാക്കുകയും കൂടാതെ പരിമിതമായ വിഭവത്തിൽ നിന്നും ഉല്പാദന ക്ഷമതയും വരുമാനവും വർദ്ധിപ്പിക്കുകയുമാണ്.

പട്ടികജാതി വികസനത്തിനായി മറ്റ് വകുപ്പുകൾ മുഖേന ജില്ലാ കളക്ടർമാർ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണം/പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ധനസഹായം/സംസ്ഥാനതല മോണിട്ടറിംഗ് സംവിധാനം/ സാമ്പത്തിക വികസനം ലക്ഷ്യമാക്കുന്ന പദ്ധതികൾ പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുക/കൂടുതൽ ആളുകളുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ തലത്തിലെയും, പട്ടികജാതി ഡയറക്ടറേറ്റിന്റെയും കീഴിൽ വരുന്ന പരിപാടികളുടെ മോണിട്ടറിംഗ് സംവിധാനം ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. 2017-18 സാമ്പത്തിക വർഷം പ്രത്യേക കേന്ദ്ര സഹായമായി 1500.00 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി പ്രതീക്ഷിക്കുന്നു.

18. **കേന്ദ്രാവിഷ്കൃത പദ്ധതികൾ**

താഴെ പറയുന്ന 100% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികളും, മറ്റു കേന്ദ്രസഹായ പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 446.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

1)പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (28600.00 ലക്ഷം രൂപ)
2)പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ (20.00 ലക്ഷം രൂപ)
3) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി) (400.00 ലക്ഷം രൂപ)
4) ശുചിത്വഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ (40.00 ലക്ഷം രൂപ)
5) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം) (2000.00 ലക്ഷം രൂപ)
6) എല്ലാവർക്കും വീട് (ഗ്രാമീൺ) (പ്രധാനമന്ത്രി ആവാസ് യോജ്ന) (8927.00 ലക്ഷം രൂപ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)
7)എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം) (1050.00 ലക്ഷം രൂപ)

നടപ്പു വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

1. <u>വാത്സല്യനിധി:</u>

പട്ടികജാതിക്കാരായ ദമ്പതികൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ സുരക്ഷയ്ക്ക് മുന്തിയ പരിഗണന നല്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്നതാണ് ഈ പദ്ധതി. പെൺകുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യൽ, ഇമ്മ്യൂണൈസേഷൻ, സ്കൂൾ അഡ്മിഷൻ, പത്താംതരെവരെയുള്ള പഠനം എന്നിവ ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു. 18 വയസ്സാകുമ്പോൾ പദ്ധതിപ്രകാരമുള്ള തുക കുട്ടിക്ക് നൽകുകയും ചെയ്യുന്നു. ലൈഫ് ഇൻഷുറൻസ് കോർപ്പറേഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. 2017-18 സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി 1000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. **എല്ലാ ജില്ലകളിലും വർക്കിംഗ് വിമൺസ് ഹോസ്റ്റൽ**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. 2017-18 ൽ കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ 3 ജില്ലകളിൽ ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ